# പ്രാർഥന സ്വീകരിക്കപ്പെടണമെങ്കിൽ

عَنْ أَبِي سَعِيدٍ الخُدْرِي رضي اللّٰه عنه أَنّ النَّبِيّ صَلى اللّٰهُ عَلَيْهِ وَسَلّم قَالَ: مَا مِنْ مُسْلِمٍ يَدْعُو بِدَعْوَةٍ لَيس فِيهَا إِثْمٌ وَلا قَطِيعَةُ رَحِمٍ، إِلاَّ أَعْطَاهُ اللّٰهُ بِهَا إِحْدَى ثَلاثٍ: إِمَّا أَنْ تُعَجَّلَ لَهُ دَعْوَتُهُ وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الآخِرَةِ وَإِمَّا أَنْ يَصْرِفَ عَنْهُ مِنَ السُّوءِ مِثْلِهِ (أحمد)

(روى الحاكم أيضا وَالبزار وَأبُويعلي بأسانيد جَيدة)

**അബൂസഈദി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: 'കുറ്റകരമല്ലാതെയും കുടുംബബന്ധം മുറിക്കാതെയും മുസ്‌ലിം പ്രാർഥിച്ചാൽ മൂന്നിലൊരു രീതിയിൽ അല്ലാഹു ഉത്തരം നൽകും. ഒന്നുകിൽ വളരെ പെട്ടെന്ന് അത് സ്വീകരിച്ച് മറുപടി കൊടുക്കും. അല്ലെങ്കിൽ പരലോകത്തുവെച്ച് പ്രതിഫലം നൽകാനായി കരുതിവെക്കും. അതുമല്ലെങ്കിൽ തത്തുല്യമായ മറ്റൊരു ദോഷം അവനിൽനിന്ന് ഒഴിവാക്കിക്കൊടുക്കും'' (അഹ്‌മദ്).**

പ്രാർഥനയുടെ മഹത്വവും അതിന്റെ പ്രതിഫലവും അത് സ്വീകരിക്കണമെങ്കിൽ പാലിക്കേണ്ട നിബന്ധനകളുമാണ് ഈ പ്രവാചകവചനം വിശദീകരിക്കുന്നത്. പ്രാർഥന സ്വയം തന്നെ ഒരു ഇബാദത്താണെന്ന് റസൂൽ(സ) പഠിപ്പിച്ചിട്ടുണ്ട്. അതിനാൽ അത് പരലോകത്ത് പ്രതിഫലാർഹമായ ഒരു കർമമാണ്. പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നതുമായി അതിന്റെ പ്രതിഫലത്തിന് ബന്ധമില്ലെന്നർഥം. ഈ ഹദീസിലതാണ് വ്യക്തമാക്കുന്നത്. പ്രാർഥന എന്ന ഇബാദത്ത് നിർവഹിക്കുമ്പോൾ നമ്മുടെ ചെറു ദോഷങ്ങൾ അതുവഴി മായ്ക്കപ്പെടുമെന്നും റസൂൽ(സ) വ്യക്തമാക്കുന്നു. പക്ഷേ, പ്രാർഥന പ്രതിഫലാർഹമായ ഇബാദത്ത് ആകണമെങ്കിലും അത് സ്വീകരിക്കണമെങ്കിലും ചില നിബന്ധനകൾ പാലിക്കൽ നിർബന്ധമാണ്. ഈ നബിവചനത്തിലും മറ്റു ഹദീസുകളിലും അത്തരം നിബന്ധനകൾ വിശദീകരിക്കുന്നുണ്ട്. ഹലാലായ കാര്യങ്ങൾക്ക് വേണ്ടിയാകണം പ്രാർഥനയെന്നതാണ് അതിൽ ആദ്യത്തേത്. ഇസ്‌ലാം നിർബന്ധമാക്കുകയും കണിശമായി പാലിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്ന കാര്യങ്ങൾ നിർവഹിക്കാതെയുള്ള പ്രാർഥനകൾ സ്വീകരിക്കപ്പെടില്ല. കുടുംബബന്ധം മുറിക്കുന്നവന്റെ പ്രാർഥന സ്വീകരിക്കില്ലെന്ന പ്രവാചക വചനം അതാണ് വ്യക്തമാക്കുന്നത്.

അല്ലാഹു വിലക്കിയ മാർഗത്തിലൂടെ ആർജിച്ച സമ്പത്തും ഭക്ഷണവും വസ്ത്രവും ഉപയോഗിച്ച് പ്രാർഥന നിർവഹിച്ചാൽ അത് സ്വീകരിക്കപ്പെടില്ല. അത്തരമൊരാളുടെ പ്രാർഥനയെക്കുറിച്ച് റസൂൽ(സ) പറഞ്ഞതിങ്ങനെ: "നീണ്ട യാത്ര ചെയ്ത് മുടിയൊക്കെ ജടപിടിച്ച്, ശരീരത്തിൽ പൊടിപുരണ്ട് അയാൾ കൈകൾ വാനിലേക്കുയർത്തി 'എന്റെ റബ്ബേ! എന്റെ റബ്ബേ' എന്ന് നിരന്തരമായി പ്രാർഥിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, അയാളുടെ ഭക്ഷണപാനീയങ്ങളും വസ്ത്രങ്ങളും ഹറാമായ മാർഗത്തിൽ നേടിയതാണ്. മൊത്തത്തിൽ അയാൾ ഹറാമിലൂടെ വളർന്നവനാണ്. പിന്നെയെങ്ങനെയാണ് അയാളുടെ പ്രാർഥനകൾ സ്വീകാര്യമാവുക?" (മുസ്‌ലിം).

സഅ്ദുബ്നു അബീവഖാസ് (റ) തന്റെ പ്രാർഥനകൾക്ക് ഉത്തരം ലഭിക്കാൻ ഉതകുന്ന മാർഗം പറഞ്ഞുകൊടുക്കാൻ നബിയോടാവശ്യപ്പെട്ടപ്പോൾ റസൂൽ(സ) നിർദേശിച്ചു: ''ഭക്ഷണം ശുദ്ധീകരിക്കുക; എങ്കിൽ നിന്റെ പ്രാർഥനകൾക്ക് മറുപടി കിട്ടും'' (ത്വബറാനി). നാം ഭക്ഷിക്കുന്നതും അണിയുന്നതും മറ്റു തരത്തിൽ അനുഭവിക്കുന്നതായ മുഴുവൻ വസ്തുക്കളും ഹലാലാണെന്ന് ഉറപ്പു വരുത്തണമെന്നർഥം. അതിലൊക്കെ അലംഭാവവും നിസ്സംഗതയും കാണിച്ച ശേഷം നിരന്തരമായി ആകാശത്തേക്ക് കൈയുയർത്തി പ്രാർഥിച്ചിട്ട് കാര്യമില്ലെന്ന് മാത്രമല്ല, പ്രതിഫലാർഹമായ ഒരു ഇബാദത്തായി അത് രേഖപ്പെടുത്തുക പോലുമില്ല.

നന്മ കൽപിക്കലും തിന്മ വിരോധിക്കലും മുസ്‌ലിം സമൂഹത്തിന്റെ സാമൂഹിക ബാധ്യതയാണ്. തിന്മകൾ സമൂഹത്തിൽ അഴിഞ്ഞാടുമ്പോൾ അതിനെതിരെ പ്രതികരിക്കാതെ ആരാധനകളുമായി മാത്രം മുസ്‌ലിം സമൂഹം ചടഞ്ഞുകൂടിയാൽ അവരിലെ ഭക്തരുടെ പ്രാർഥന പോലും സ്വീകരിക്കുകയില്ലെന്നും റസൂൽ(സ) വ്യക്തമാക്കിയിട്ടുണ്ട്: "തീർച്ചയായും നിങ്ങൾ നന്മകൾ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കണം. തിന്മകൾ നിർബന്ധമായും തടയുകയും വേണം. ഇല്ലെങ്കിൽ നിങ്ങളുടെ മേൽ അല്ലാഹു ദുഷ്ടന്മാരായ ഭരണാധികാരികളെ വാഴിക്കും. പിന്നീട് നിങ്ങളിൽ ഉത്തമർ പ്രാർഥിച്ചാലും ഉത്തരം ലഭിക്കുകയില്ല'' (ത്വബറാനി).

വിശ്വാസികൾ നിരന്തരമായി പ്രാർഥിച്ചുകൊണ്ടിരിക്കണം. ദുൻയാവിൽ ആ പ്രാർഥനകൾക്ക് മറുപടി ലഭിച്ചില്ലെങ്കിലും അതുവഴി നമ്മുടെ തെറ്റുകൾ പൊറുക്കപ്പെടുകയും പ്രതിഫലം ലഭിക്കുകയും ചെയ്യും. പക്ഷേ, അപ്പോഴും അങ്ങനെ ലഭിക്കണമെങ്കിൽ നബി(സ) പ്രാർഥനക്ക് പറഞ്ഞ നിബന്ധനകൾ നമ്മുടെ ജീവിതത്തിൽ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ●

**തിരുത്ത്**

കഴിഞ്ഞ ലക്കം (2964) ഹദീസ് പംക്തിയിൽ അറബി ടെക്സ്റ്റിന്റെ അവസാനം عِلْمُهُ എന്നത് عَمَلُهُ എന്ന് തിരുത്തി വായിക്കാൻ അപേക്ഷ.